**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5517    24.05.2017-ൽ മറുപടിക്ക്**

**കാരാട്ട് റസാക്ക് എം.എൽ.എ. യ്ക്ക് പോലീസ് സംരക്ഷണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അനിൽ അക്കര | | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കാരാട്ട് റസാക്ക് എം.എൽ.എ. തന്റെ ജീവന് ഭീഷണി ഉണ്ടെന്നും അതിനാൽ പോലീസ് സംരക്ഷണം വേണമെന്നും ആവശ്യപ്പെട്ട് 2017 ജനവരി മാസത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നോ;<br><br>(ബി) അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നടപടി സ്വീകരിച്ചത്; | (എ) യും (ബി) യും | ശ്രീ. കാരാട്ട് റസാക്ക് എം.എൽ.എ യ്ക്ക് തന്റെ ജീവന് ഭീഷണിയുണ്ടെന്നും സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിയ്ക്ക് 18.01.2017 ന് പരാതി നല്കിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് മതിയായ സംരക്ഷണം ഏർപ്പെടുത്താൻ അന്നേ ദിവസം തന്നെ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കിയിരുന്നു. കൂടാതെ ഭീഷണി സാധ്യത കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി എത്രയും പെട്ടെന്ന് റിപ്പോർട്ട് നല്കാൻ ഇന്റലിജൻസ് മേധാവിയ്ക്ക് നിർദ്ദേശവും നല്കിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം 09.05.2017 തീയതിയിൽ എം.എൽ.എ യുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്താൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 309/2017 പ്രകാരം കൊടുവള്ളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(സി) എം.എൽ.എ. നൽകിയ അപേക്ഷ സംസ്ഥാന പോലീസ് ചീഫിന്റെ ആഫീസിൽ നടപടി സ്വീകരിക്കാതെ മാറ്റിവച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അപേക്ഷയിൽ നടപടി സ്വീകരിക്കാൻ വൈകിപ്പിച്ച ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഡി) ഡി.ജി.പി. തലത്തിൽ സ്വീകരിച്ച നടപടി സർക്കാർ ഇടപെട്ട് തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ തിരുത്തൽ ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ഭരണ കക്ഷിയിൽപെട്ട എം.എൽ.എ. തന്റെ ജീവന് ഭീഷണി ഉണ്ടെന്ന് കാട്ടി നൽകിയ അപേക്ഷ ഗൗരവത്തോടെ പരിഗണിക്കാത്ത പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച സംസ്ഥാന പോലീസ് നയത്തിന്റെ ഭാഗമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഇ) വീഴ്ച ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**